# പ്രത്യേക പരാമർശം

## വനിതാ എം.എൽ.എ.-മാരെ ആക്രമിച്ച പോലീസുകാർക്കെതിരെ നടപടി

പ്രതിപക്ഷനേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ): സർ, വനിതാ എം.എൽ.എ.-മാർക്കുനേരെ നടന്ന പോലീസ് കയ്യേറ്റത്തെപ്പറ്റി ബഹുമാനപ്പെട്ട ആഭ്യന്തരവകുപ്പുമന്ത്രി നാളെ പ്രഖ്യാപനം നടത്തുമെന്ന് ഇന്നലെ പറഞ്ഞു. നാളെ....... നാളെ...... എന്നുള്ള നിലയിൽ നമ്മുടെ ഗവൺമെന്റും ആഭ്യന്തരവകുപ്പുമന്ത്രിയും പോകുമെന്ന് കരുതുന്നില്ല. ഇന്നലത്തെ പ്രഖ്യാപനമനുസരിച്ച് പുറത്തുപറയുന്നതിനേക്കാൾ മുമ്പ് അസംബ്ലിയിൽ എന്തെങ്കിലും പറയാനുണ്ടെങ്കിൽ അത് പറഞ്ഞാൽ കൊള്ളാം. ഇതുസംബന്ധിച്ച് എന്തെങ്കിലും തീരുമാനമെടുത്തിട്ടുണ്ടെങ്കിൽ അത് അറിയിക്കണമെന്ന് സവിനയം അഭ്യർത്ഥിക്കുന്നു.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, ഇതുസംബന്ധിച്ച് ഞാൻ ഇന്ന് അസംബ്ലിയിൽ പറയാമെന്ന് ഈ സഭയിൽ പറഞ്ഞിരുന്നതാണ്. അങ്ങ് ചോദിച്ചതുകൊണ്ട് എനിക്കത് പറയാൻ കുറച്ചുകൂടി സഹായകരമാവുകയും ചെയ്തു. ഇതുസംബന്ധിച്ച് കേരള പോലീസ് ഡിപ്പാർട്ട്മെന്റൽ എൻക്വയറീസ് പണിഷ്മെന്റ് ആന്റ് അപ്പീൽ റൂൾസ് പ്രകാരം വാചകീയ അന്വേഷണത്തിന് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. .......................(ബഹളം) ....................

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിന്റെ ചോദ്യത്തിനുള്ള മറുപടി ബഹുമാനപ്പെട്ട ആഭ്യന്തരവകുപ്പുമന്ത്രി പറഞ്ഞുകഴിഞ്ഞു. .................. (ബഹളം)................. വാചകീയമെന്ന വാക്കാണോ ഇവിടെ പ്രശ്നം.

ശ്രീ. വി. എസ്. അച്ചുതാനന്ദൻ: ബഹുമാനപ്പെട്ട ചെയർ, വാചകീയം എന്ന വാക്കിന്റെ അർത്ഥം അങ്ങേയ്ക്ക് മനസ്സിലായോ? അങ്ങേയ്ക്ക് മനസ്സിലായെങ്കിൽ അങ്ങ് അത് ഞങ്ങൾക്ക് വിശദീകരിച്ചുതന്നാലും മതി.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ഇതുസംബന്ധിച്ച് നടപടിയെടുത്ത് സഭയെ അറിയിക്കുമെന്നാണ് ഇന്നലെ ബഹുമാനപ്പെട്ട ആഭ്യന്തരവകുപ്പുമന്ത്രി പറഞ്ഞത്. നടപടിയെടുക്കുന്നതിനെക്കുറിച്ച് ഇപ്പോൾ ഒന്നും പറയുന്നില്ല. 'വാചകീയ അന്വേഷണം'.............. 'Oral Enquiry' അതിന്റെ മലയാളമായിരിക്കും അദ്ദേഹം പറഞ്ഞിരിക്കുന്നത്. അതുസംബന്ധിച്ച് എന്ത് നടപടിയാണ് എടുത്തിരിക്കുന്നത്? അന്വേഷണം നടത്തിയാൽ എത്രസമയം വേണമെങ്കിലും നീട്ടിക്കൊണ്ടുപോകാം, അത് പറ്റില്ല. ഇതുസംബന്ധിച്ചുള്ള നടപടി എന്താണെന്നുള്ളത് ഈ സഭയ്ക്ക് അറിയണം. സഭയ്ക്ക് നൽകിയ ഉറപ്പല്ലേ? .........(മൈക്ക് ഓഫ്) ..........

(പ്രതിപക്ഷാംഗങ്ങൾ അവരവരുടെ സീറ്റിൽ നിന്നും മാറി ബഹു. സ്പീക്കറുടെ ഡയസ്സിനടുത്ത് വന്ന് മുദ്രാവാക്യം വിളിച്ചുകൊണ്ടിരുന്നു.)

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, ഇന്നലെ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഇവിടെ ഉന്നയിച്ച വിഷയത്തിന്മേൽ ഇന്ന് മറുപടി പറയാമെന്ന് പറഞ്ഞിരുന്നു. ഇന്ന് അദ്ദേഹം വീണ്ടും ഉന്നയിച്ച സമയത്ത്, ഞാനത് പറയുന്നതിന് തയ്യാറായാണ് നിൽക്കു

ന്നത്. ഞാൻ അത് പറയുകയും ചെയ്തു. ഗവൺമെന്റിന് റൂൾ ഓഫ് ലാ അനുസരിച്ചല്ലേ ഏതുകാര്യത്തിലും മുന്നോട്ടുപോകാൻ കഴിയൂ. നേരത്തെ ആഭ്യന്തരവകുപ്പുമന്ത്രിയായിരുന്ന ശ്രീ. കോടിയേരി ബാലകൃഷ്ണന് ഇതിന്റെ സിസ്റ്റം കൃത്യമായി അറിയാം. കേരള പോലീസ് ഡിപ്പാർട്ട്മെന്റൽ എൻക്വയറീസ് പണിഷ്മെന്റ് ആന്റ് അപ്പീൽ റൂൾസ് അനുസരിച്ച് ഓറൽ എൻക്വയറിക്ക് ഉത്തരവിട്ടിട്ടുണ്ട് എന്നുള്ള കാര്യമാണ് ഞാൻ ഇവിടെ പറഞ്ഞത്. അതിനുള്ളിൽ എന്ത് മറുഭാഷയാണുള്ളത്. ............(ബഹളം)...........

ശ്രീ. സി. ദിവാകരൻ: സർ, ഈ സംഭവത്തിൽ ബഹുമാനപ്പെട്ട ചെയർ, എല്ലാദിവസവും ഇത് ശ്രദ്ധിക്കുകയും നടപടി സ്വീകരിക്കുകയും ചെയ്തതാണ്. ഇത് നിയന്ത്രിക്കാൻ..............ഒറ്റകാര്യമേയുള്ളൂ, വളരെ ലളിതമാണ്. നടപടിയെടുത്ത് സഭയിൽ പ്രഖ്യാപിക്കുമെന്നാണ് അവസാനം പ്രതിപക്ഷനേതാവിനോട് പറഞ്ഞത്. അദ്ദേഹം പറയുന്ന വാചകീയ അന്വേഷണത്തിന്റെ ആവശ്യമില്ല. കേരള സ്റ്റേറ്റ് സർവ്വീസ് റൂളിൽ പറയുന്നത് suspension is not a punishment എന്നാണ്. ആരെ എപ്പോൾ വേണമെങ്കിലും സസ്പെൻഡ് ചെയ്യാം. അതിന് യാതൊരു തടസ്സവുമില്ല. സർവ്വീസ് റൂളില്ല. അത് ചെയ്യാൻ സാധിക്കുമോ ഇല്ലയോ എന്നുള്ള കാര്യം മാത്രം പറഞ്ഞാൽ മതി, കാര്യം സിമ്പിളാണ്.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): ഇവിടെ പ്രധാനപ്പെട്ട പ്രശ്നമെന്താണ്? ..........(ബഹളം) ....... ഇവിടെ പ്രധാനപ്പെട്ട പ്രശ്നമെന്താണെന്നുവച്ചാൽ, ഇന്നലെ എടുത്ത നടപടിയെക്കുറിച്ച് പറയണമെന്ന് പറഞ്ഞു. ഞാനത് പറഞ്ഞു. നമുക്കൊരു റൂൾ ഓഫ് ലാ അനുസരിച്ച് മാത്രമല്ലേ പോകാൻ സാധിക്കുകയുള്ളൂ. ആ റൂൾ ഓഫ് ലാ

അനുസരിച്ച് പോലീസ് ഡിപ്പാർട്ടുമെന്റിൽ .............(ബഹളം)............. ഒന്ന്, ആരാണ് കുറ്റക്കാർ എന്നുള്ളതിനെക്കുറിച്ച് ഇവർ പറയുന്നില്ല. ഗവൺമെന്റ് പരിശോധിച്ച വിഷ്വൽസിലൊന്നും അവരുടെ കുറ്റം കാണുന്നില്ല. ബസ്സിൽ വച്ചാണ് ഈ സംഭവമെന്ന് പിന്നീട് പറയുന്നുണ്ട്. ശ്രീമതി ഗീതാ ഗോപിയുടെ മൊഴി എന്റെ കയ്യിലുണ്ട്. ശ്രീമതി ഗീതാ ഗോപിയുടെ മൊഴിയിലും ആളിന്റെ പേര് പറയുന്നില്ല. അതുകൊണ്ട് ഒരന്വേഷണം നടത്തുന്നതിനായി Punishment Act അനുസരിച്ചുള്ള ഓറൽ എൻക്വയറിക്കുള്ള ഓർഡർ ഇട്ടിരിക്കുകയാണ്. .....അങ്ങനെയല്ലേ പോകാൻ സാധിക്കൂ. ..... (ബഹളം) .........

പ്രതിപക്ഷ നേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ): സർ, ബഹുമാനപ്പെട്ട അങ്ങ് ചെയറിലിരുന്നപ്പോഴാണ് വെല്ലിലിരിക്കുക എന്നുള്ള ഞങ്ങളുടെ സത്യാഗ്രഹസമരം ഒഴിവാക്കി ആറ് എം.എൽ.എ.-മാരും സഭാനടപടികൾ നടത്തിക്കൊണ്ടു പോകുന്നതിന് സഹായകമായ നിലയിൽ പുറത്ത് സത്യാഗ്രഹം നടത്താനുള്ള പരിപാടി ആവിഷ്കരിച്ച് ഇവിടെ അറിയിച്ചത്. കുറ്റവാളികളായ പോലീസുകാർക്കെതിരെ ഉടനടി നടപടിയെടുക്കുന്നതാണെന്ന് അങ്ങയുടെ അദ്ധ്യക്ഷതയിൽത്തന്നെ ആഭ്യന്തര വകുപ്പുമന്ത്രി പറഞ്ഞതാണ്. അതുകൊണ്ടാണ് ആറുമാസമോ ഒരു വർഷമോ പത്തുവർഷമോ നീളാനിടയുള്ള ജുഡീഷ്യൽ എൻക്വയറി ഞങ്ങൾ ഉപേക്ഷിച്ചത്. നമ്മുടെ എം.എൽ.എ.-മാരെ അപമാനിക്കത്തക്ക, വേദനിപ്പിക്കത്തക്ക തരത്തിലുണ്ടായ പോലീസുകാരുടെ ക്രൂരമായ മർദ്ദനം അവർ ഈ സഭയിൽ വിവരിച്ചു. അതിന്റെ അടിസ്ഥാനത്തിലാണ് ഞങ്ങൾക്കൊരു നിലപാട് എടുക്കേണ്ടിവന്നത്. അത് അങ്ങേയ്ക്ക് അറിയാം. അങ്ങുതന്നെ ആശുപത്രിയിൽ പോകുകയും അവരുടെ സ്ഥിതിഗതികൾ നേരിട്ട് മനസ്സിലാക്കുകയും ചെയ്തിട്ടും അങ്ങും ഗവൺമെന്റിനെ പ്രതി

നിധീകരിക്കുന്ന ഈ മന്ത്രിയും........... (ഒരു പത്രം ഉയർത്തിക്കാണിച്ചു.) പട മൊക്കെ ഇതിനകത്തുണ്ട്. അത് പോകട്ടെ. പത്രക്കാർ ഇപ്പോൾ ലജ്ജിക്കുകയാണ്. ഇതൊക്കെ കാണിച്ചിട്ട് ഒരു ഗുണവുമില്ലായെന്നുള്ള നിലയിൽ അവർ കാണിക്കുകയാണ്. സ്ഫുടമായി ഗവൺമെന്റ് എന്തെങ്കിലും തീരുമാനമെടുത്തിട്ടുണ്ടെങ്കിൽ അത് വ്യക്തമാക്കണമെന്നാണ് അങ്ങയോട് എനിക്ക് വിനീതമായി പറയുവാനുള്ളത്. സർക്കാർ അതിനുവേണ്ടി പത്രക്കാരെ വിളിച്ച് നാളെയോ നാളെക്കഴിഞ്ഞോ പറയുന്നതിനേക്കാൾമുമ്പേ ഈ സഭയിൽ വ്യക്തമായി എല്ലാ അംഗങ്ങൾക്കും മനസ്സിലാകത്തക്ക തരത്തിൽ ഒരു തീരുമാനം പറയാൻ സന്നദ്ധതയുണ്ടോയെന്നാണ് എനിക്ക് ചോദിക്കുവാനുള്ളത്.

മി. സ്പീക്കർ: മിനിസ്റ്റർ, പ്രതിപക്ഷ നേതാവ് പറഞ്ഞത് കേട്ടല്ലോ.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, ഞാൻ കേട്ടു. അദ്ദേഹം ഒരു പബ്ലിക്കേഷൻ (ജനയുഗം) കാണിച്ചു.

മി. സ്പീക്കർ: അത് എന്തുമായിക്കോട്ടെ.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: ഫോട്ടോയും കണ്ടു. ഇന്ന് വേറൊരു മാധ്യമത്തിൽ ഇതുണ്ട്. ഏതാനും പോലീസ് ഉദ്യോഗസ്ഥരെ ബലിയാടാക്കി മുന്നോട്ടുപോകുന്നുവെന്ന് വേറൊരു മാധ്യമത്തിലുമുണ്ട്. അതുകൊണ്ട് മാധ്യമങ്ങളിൽ അങ്ങനെയൊക്കെ അപ്പുറത്തും ഇപ്പുറത്തും വരും. പക്ഷേ നമ്മളൊരു നടപടിയിലേയ്ക്ക് പോകുമ്പോൾ നമുക്ക് അതിന്റെ പ്രോസ്സസ് അനുസരിച്ചല്ലേ പോകാൻ സാധിക്കൂ. ആ പ്രോസ്സസ് അനുസരിച്ചല്ലാതെ ബൈപ്പാസ് ചെയ്ത് പോകാൻ സാധിക്കുമോ? അതുകൊണ്ട് ആ പ്രോസ്സസ് അനുസരിച്ച് പോകാൻവേണ്ടിയുള്ള ഒരു സ്റ്റെപ്പ് എടുത്തിരിക്കുകയാണ്. അത് അവർക്ക് ബോധ്യപ്പെടണം. ഇതിന്റെ റൂൾസ് അനുസരിച്ച്

നമ്മൾ ഒരു സ്റ്റെപ്പ് എടുത്തിരിക്കുന്നു. അതല്ലാതെ എന്താണ് ചെയ്യാൻ സാധിക്കുക? ......(ബഹളം)...... ഇവിടെ താഴെനിന്ന് ബഹളമുണ്ടാക്കുകയും ഞാൻ ഇങ്ങനെ സംസാരിക്കുകയും ചെയ്താൽ അതൊന്നും റെക്കോർഡിൽ വരികയില്ല. ......(ബഹളം)...... എനിക്ക് സംരക്ഷണം തരികയാണെങ്കിൽ ഞാൻ പറയാം.

മി. സ്പീക്കർ: സംരക്ഷണമുണ്ട്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഇവർ സീറ്റിലിരുന്നാൽ പറയാം.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, സംഭവം കഴിഞ്ഞിട്ട് 10 ദിവസമായി. 10 ദിവസം കൊണ്ട് ഗവൺമെന്റിന് ബന്ധപ്പെട്ടവരെ മനസ്സിലാക്കാൻ കഴിഞ്ഞില്ലെന്ന് പറഞ്ഞാൽ ഏത് ലോകത്താണ് ഇവരൊക്കെ ജീവിക്കുന്നത്? ഇന്റലിജൻസ് റിപ്പോർട്ട് ഇല്ലേ? ഇവിടെ എന്തിനാണ് ഇന്റലിജൻസ് വകുപ്പ് പ്രവർത്തിക്കുന്നത്? ഇന്റലിജൻസ് ഡിപ്പാർട്ടുമെന്റിനോട് ചോദിച്ചാൽ, ശ്രീ. സെൻകുമാറിനോട് ചോദിച്ചാൽ വൈകിട്ടുതന്നെ റിപ്പോർട്ട് തരികയില്ലേ? ഇന്റലിജൻസ് ഡിപ്പാർട്ടുമെന്റ് ഇവിടെ ഇല്ലേ? ഇവിടെ ഒരു സംഭവം കഴിഞ്ഞാൽ ഒരു മണിക്കൂർകൊണ്ട് റിപ്പോർട്ട് കിട്ടുകയില്ലേ? 10 ദിവസമായിട്ടും എം.എൽ.എ.-മാരെ തല്ലിയ പോലീസുകാരെ മനസ്സിലാക്കാൻ സാധിച്ചില്ലെന്നു പറഞ്ഞാൽ എന്തൊരു ഭരണമാണ് ഇത്? എന്നിട്ട് ഇപ്പോൾ ഓറൽ എൻക്വയറിയാണ് .....(ബഹളം)......

മി. സ്പീക്കർ: യേസ്........... യേസ്.......... നിങ്ങൾക്ക് പറയാനുള്ളത് പറഞ്ഞു. ശ്രീ. സി. ദിവാകരൻ, അങ്ങേയ്ക്ക് നേരത്തെ മൈക്കു തന്നു, അങ്ങ് സംസാരിച്ചു. ഇവിടെ ഗവൺമെന്റ് എന്ത് നടപടിയെടുക്കണമെന്ന് ഒരു

കാലത്തും ചെയറിന് പറയാൻ സാധ്യമല്ല. .....(ബഹളം)..... ഞാനൊന്ന് പറയട്ടേ, ......(ബഹളം)...... അങ്ങ് നടപടിയെടുത്ത് അറിയിക്കുമെന്ന് പറഞ്ഞെന്നാണ് ഇവർ പറയുന്നത്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഇവർ ആഗ്രഹിക്കുന്ന നടപടി യെന്നുപറഞ്ഞാൽ, ഞാൻ സസ്പെന്റ് ചെയ്തുവെന്ന് പറയണമെന്നാണ്.

മി. സ്പീക്കർ: അത് എനിക്കറിയില്ല.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ലീഗലായ ഒരു നടപടിയാണ് എടുത്തിരിക്കുന്നത്. അതല്ലാതെ വെറുതെ പോലീസ് ഉദ്യോഗസ്ഥരെ ......(ബഹളം)...... ഒന്നുകിൽ ശ്രീമതി ഗീതാ ഗോപി പേര് പറയണം. ആ പേര് ഇല്ലല്ലോ? ഒന്നുകിൽ വീഡിയോയിൽ കാണണം, അല്ലെങ്കിൽ ശ്രീമതി ഗീതാ ഗോപി പേര് പറയണം. ഇതൊന്നുമില്ല. അപ്പോൾ എൻക്വയറി നടക്കണം. ആ നടപടിയെടുത്തിരിക്കുകയാണ്. ആ നടപടിയെടുത്ത്, ആ നടപടിയുടെ പ്രോസ്സസ് പൂർത്തിയാക്കാൻ ഇവർ സഹായിക്കണം. അതല്ലെങ്കിൽ പേര് പറയുക. പേര് പറയുന്നില്ലല്ലോ?

മി. സ്പീക്കർ: ഗവൺമെന്റിന്റെ നിലപാട് വളരെ വ്യക്തമാണ്. അദ്ദേഹം നടപടിയെടുക്കുമെന്ന് പറഞ്ഞു. നടപടിയെടുക്കുന്നതിന് ആധാരമായിട്ടുളള ചില നടപടിക്രമങ്ങൾ തീർച്ചയായും ഒരു ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളമുണ്ട്. അതിലേയ്ക്ക് കടന്നിട്ടുണ്ട്. അദ്ദേഹം നിയമസഭയ്ക്കുതന്ന അഷ്വറൻസ് എന്നുപറയുന്നത് നടപടിയാണ്. ആ നടപടി ആരംഭിച്ചിട്ടുണ്ടെന്ന് അദ്ദേഹം ഇവിടെ പറഞ്ഞുകഴിഞ്ഞു.

ശ്രീ. വി. എസ്. അച്ചുതാനന്ദൻ: ഗവൺമെന്റിന്റെ കാര്യങ്ങളിൽ ഇടപെടണമെന്ന് ഞങ്ങൾ പറയുന്നില്ല. അങ്ങയേയും ഈ സഭയേയും അവഹേളിക്കാൻ ഒരു മന്ത്രി തയ്യാറായാൽ ബഹുമാനപ്പെട്ട സ്പീക്കർ ഇടപെടണ്ടേ? ഈ

സഭയിലെ രണ്ട് വനിതാ എം.എൽ.എ.-മാരോട് കാണിച്ച കൊള്ളരുതായ്മയെ സംബന്ധിച്ച് എത്ര ദിവസം അല്ലെങ്കിൽ എത്ര മാസം ഞങ്ങൾ ഈ സഭയിൽ ഇതുസംബന്ധിച്ച ആക്ഷനിൽ ഏർപ്പെടണമെന്നാണ് അങ്ങ് പറയുന്നത്? അങ്ങയുടെ അഭിപ്രായത്തോടുകൂടി ഞങ്ങൾ ആ ആക്ഷൻ തുടങ്ങാം. അത് പറയണം.

മി. സ്പീക്കർ: ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രി, അത് ന്യായ മായ ഒരു ചോദ്യമാണ്. അങ്ങേയ്ക്ക് അതിനെക്കുറിച്ച് എന്താണ് പറയാനുള്ളത്?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, എനിക്ക് അതിനകത്തെ ന്യായം ഒന്ന് ബോധ്യപ്പെടാൻവേണ്ടി ചോദിക്കുകയാണ്. എന്നോട് നടപടി വേണമെന്ന് ആവശ്യപ്പെട്ടു. നടപടിയെടുക്കാനുള്ള പ്രോസ്സസിൽ നമ്മൾ നിൽക്കുന്നു. (....ബഹളം....) ഞാൻ പറയുമ്പോൾമാത്രം ഒച്ച വയ്ക്കുകയും ഇവർ പറയുമ്പോൾ ഞാൻ മിണ്ടാതിരിക്കുകയും ചെയ്യുകയല്ലേ? അതുതന്നെ യല്ലേ ഇവിടുത്തെ പ്രധാനപ്പെട്ട പ്രശ്നം. ഇവിടത്തെ പ്രധാനപ്പെട്ട പ്രശ്നം എന്താണ്? അവർ എന്തെങ്കിലും പറഞ്ഞാൽ ഞാൻ ഇരുന്നുകൊടുക്കും. ഞാൻ എന്തെങ്കിലും പറഞ്ഞാൽ ഇവർ ഇങ്ങനെ ഈ രൂപത്തിൽ നിൽക്കും. അങ്ങനെ നിന്നാൽ എങ്ങനെയാണ് ശരിയാകുന്നത്. ഒരു ഡിബേറ്റാണെങ്കിൽ ആ ഡിബേറ്റിൽ അതുപോലെയല്ലേ പെരുമാറേണ്ടത്? ഒരു സാമാന്യനീതിയാണ് ഗവൺമെന്റ് ആഗ്രഹിക്കുന്നത്. എന്താണ് സാമാന്യ നീതി? ഇവിടെ ഒന്നുകിൽ ശ്രീമതി ഗീതാ ഗോപി കൊടുത്ത മൊഴിക്കകത്ത് ആളിന്റെ പേരുണ്ടാകണം. ആ മൊഴി അങ്ങേയ്ക്ക് തന്നിട്ടുണ്ട്. ആ മൊഴിക്കകത്ത് പേരുണ്ടെങ്കിൽ അങ്ങ് ഇങ്ങോട്ട് തന്നേയ്ക്കൂ, ഞങ്ങൾ നടപടിയെടുക്കാം.

മി. സ്പീക്കർ: പേര് പറയേണ്ട ഉത്തരവാദിത്വമൊന്നും ചെയറിനില്ല. അത് അങ്ങ് കണ്ടുപിടിച്ചാൽ മതി. ഡിപ്പാർട്ടുമെന്റ് കണ്ടുപിടിച്ചാൽ മതി.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: രണ്ടാമത്തെ കാര്യം, അങ്ങനെയൊരു തെളിവ് നമുക്ക് വേറെ രൂപത്തിൽ കിട്ടണം. അതിന് എല്ലാ വിഷ്വൽസും നോക്കി. ബസ്സിനകത്ത് പിടിച്ചുകയറ്റിയപ്പോഴാണ് എന്നുള്ള രൂപത്തിലാണ് പറഞ്ഞത്. മൂന്ന്, ശ്രീമതി ഗീതാ ഗോപിക്കുണ്ടായ വിഷമം പോലീസുകാരോട് സംസാരിച്ചപ്പോഴാണ് എന്നാണ് പറഞ്ഞത്. അതിനുവേണ്ടിയാണ് ഈ നടപടിയെടുത്തിരിക്കുന്നത്. ഒരു നടപടിയെടുത്തിരിക്കുകയാണ്. ആ നടപടിയല്ലാതെ ഇതിന്റെയൊരു റിപ്പോർട്ട് കിട്ടാതെ എന്തുചെയ്യാൻ സാധിക്കും? ........(ബഹളം)........

(പ്രതിപക്ഷാംഗങ്ങൾ സഭയുടെ നടുത്തളത്തിലിരുന്ന് മുദ്രാവാക്യങ്ങൾ വിളിക്കുകയും സഭാനടപടികൾ തടസ്സപ്പെടുത്തുകയും ചെയ്തുകൊണ്ടിരുന്നു.)

മി. സ്പീക്കർ: നിങ്ങൾ ഇവിടെ ഇരിക്കൂ ............(ബഹളം)......... പ്ലീസ്......... ............(ബഹളം)......... സീറ്റിൽ ഇരിക്കൂ ............(ബഹളം)......... സബ്മിഷനുകൾ റദ്ദ് ചെയ്യുന്നു. അതിന്റെ മറുപടികൾ ബഹുമാനപ്പെട്ട മന്ത്രിമാർ എം.എൽ.എ.-മാർക്ക് എത്തിച്ചാൽ മതിയാകും.